(ബി) വഴിയോര കച്ചവടക്കാർക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും നഗരസഭകളിലും വഴിയോര കച്ചവടക്കാരെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഉത്തരവാദിത്വം പ്രാദേശിക നഗരസഭകൾക്കാണ്.

(ബി) 2014-ൽ നിലവിൽ വന്ന "തെരുവോര കച്ചവട നിയമം (Protection of Livelihood & Regulation of Street Vending) 2014" വഴിയോര കച്ചവടക്കാർക്ക് ലൈസൻസ് വിഭാവനം ചെയ്യുന്നു. നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും തെരുവു കച്ചവടക്കാരെ കണ്ടെത്താനുള്ള സർവ്വേ ആരംഭിക്കുകയും ആയവ പൂർത്തീകരിച്ച് വരികയുമാണ്. കാസർഗോഡ്, കോഴിക്കോട്, മലപ്പുറം, കോട്ടയം, തൃശ്ശൂർ നഗരസഭകളിൽ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. നഗരസഭകളിലെ ടൗൺ വെൻഡിങ് കമ്മിറ്റിയാണ് തെരുവു കച്ചവടക്കാർക്ക് ലൈസൻസ് അനുവദിക്കുന്നത്. നിലവിൽ ഒരു നഗരസഭയിലും പ്രസ്തുത നിയമപ്രകാരമുള്ള ലൈസൻസ് നൽകിയിട്ടില്ല.

ടാക്സിസ്റ്റാൻഡുകളും ഓട്ടോറിക്ഷാ സ്റ്റാൻഡുകളും

114 (1488) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാക്സിസ്റ്റാൻഡുകളും ഓട്ടോറിക്ഷാ സ്റ്റാൻഡുകളും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മാനദണ്ഡങ്ങൾ പാലിക്കാത്തതും അംഗീകാരമില്ലാത്തതുമായ ഓട്ടോറിക്ഷാ സ്റ്റാൻഡുകൾ സംസ്ഥാനത്തുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) തിരുവനന്തപുരം പേട്ട ജംഗ്ഷനിൽ പുതുതായി പണി തീർത്ത പാലത്തിലേയ്ക്ക് ചാക്ക ബൈപാസിൽ നിന്നും വരുന്ന റോഡ് തിരിയുന്ന ഭാഗത്ത്, അനധികൃതമായി ഓട്ടോറിക്ഷാ സ്റ്റാൻഡ് സ്ഥാപിച്ചിരിക്കുന്നതും ടൂവീലറും ഓട്ടോറിക്ഷയും പാർക്ക് ചെയ്യുന്നതുമൂലം കാൽനട യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ തിരക്ക് കുറഞ്ഞ ഭാഗത്തേയ്ക്ക് വാഹന പാർക്കിംഗ് മാറ്റുന്ന കാര്യം പരിഗണിക്കുമോ?

1436/2018.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കു സ്ഥലങ്ങൾ, വിരാമ സ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റ് വാഹന സ്റ്റാന്റുകൾ) ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ചാണ് വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സ്ഥലം ഒരുക്കേണ്ടത്.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 472, 474 എന്നീ വകുപ്പുകൾ പ്രകാരമാണ് നഗരസഭകൾ പൊതുവണ്ടിത്താവളങ്ങൾ ഉണ്ടാക്കുകയോ ഏർപ്പെടുത്തുകയോ ചെയ്യുന്നത്. ട്രാഫിക് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനങ്ങൾ അനുസരിച്ചാണ് ടാക്സി സ്റ്റാൻഡുകളും ഓട്ടോറിക്ഷാ സ്റ്റാന്റുകളും അനുവദിക്കുന്നത്.

(ബി) മാനദണ്ഡങ്ങൾ പാലിക്കാത്തതും അംഗീകാരമില്ലാത്തതുമായ ഓട്ടോറിക്ഷാ സ്റ്റാൻഡുകൾ സംസ്ഥാനത്തുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

വൻകിട മാലിന്യ സംസ്കരണ പദ്ധതികൾ

115 (1489) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പരിധിയിൽ വൻകിട മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ;

(ബി) 2012-13 ബഡ്ജറ്റിലെ ഈ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ;

(സി) ഈ പദ്ധതികൾ നടപ്പാക്കുന്നതിനായി എത്ര തുകയാണ് ഓരോ വർഷത്തെ ബഡ്ജറ്റിലും വകയിരുത്തിയിരുന്നത്;

(ഡി) ഇങ്ങനെ വകയിരുത്തപ്പെട്ട തുകയിൽ എത്ര തുക ചെലവഴിക്കപ്പെട്ടുവെന്നറിയിക്കാമോ?

ഉത്തരം

(എ-ഡി) തിരുവനന്തപുരം, എറണാകുളം, കോട്ടയം, കോഴിക്കോട് എന്നീ നഗരങ്ങളിൽ ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ വൻകിട മാലിന്യ സംസ്കരണ പ്ലാന്റുകൾ പി.പി.പി. അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതാണെന്ന്